"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം-ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ തസ്തികയിലെ ചുമതല ക്രമീകരണം-ശ്രീ.സാജു സെബാസ്റ്റ്യൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ(പി&എം)-ന് അധികച്ചുമതലാബത്ത അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1265/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 06/07/2021.**

പരാമർശം: 1) 17.06.2019-ലെ ഗ്രാമവികസന കമ്മീഷണറുടെ 14713/എസ്റ്റാ.എ 1/2016/സി.ആർ.ഡി നമ്പർ കത്ത്.
2) സ.ഉ.(സാധാ)നം.1372/2019/തസ്വഭവ തീയതി 04.07.2019.

**ഉത്തരവ്**

ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.കെ.കെ. ഷാജു 22.09.2016 മുതൽ 31.12.2016 വരെ പരിവർത്തിതാവധിയെടുത്തപ്പോൾ, പ്രസ്തുത തസ്തികയുടെ പൂർണ്ണഅധികച്ചുമതല അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ(പി&എം) ആയിരുന്ന ശ്രീ.സാജു സെബാസ്റ്റ്യന് നല്കിയ നടപടിക്ക് പരാമർശം (2) പ്രകാരം സാധൂകരണം നല്കിയിരുന്നു. പ്രോജക്ട് ഡയറക്ടറുടെ അധികച്ചുമതല വഹിച്ച 24.09.2016 മുതൽ 25.10.2016 വരെയുള്ള കാലയളവിലേക്ക് ശ്രീ.സാജു സെബാസ്റ്റ്യന് അധികച്ചുമതലാബത്ത അനുവദിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറായിരുന്ന ശ്രീ.കെ.കെ. ഷാജു പരിവർത്തിതാവധിയെടുത്തപ്പോൾ, ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല വഹിച്ച ശ്രീ.സാജു സെബാസ്റ്റ്യന്, കെ. എസ്. ആർ. ഭാഗം-I, ചട്ടം 53 A II (c), 53 (c) എന്നിവ പ്രകാരം, അധിക തസ്തികയുടെ ശമ്പളസ്കെയിലിന്റെ (pre revised) മിനിമത്തിന്റെ 4% എന്ന നിരക്കിൽ, 24.09.2016 മുതൽ 25.10.2016 വരെയുള്ള കാലയളവിലേയ്ക്ക് ചാർജ് അലവൻസ് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത. കെ. എസ്.**

**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.സാജു സെബാസ്റ്റ്യൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ(പി&എം) (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, ഇടുക്കി.
ജില്ലാ ട്രഷറി ഓഫീസർ, ഇടുക്കി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ